# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3274 19.06.2018-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ പുരാവസ്തു സംരക്ഷണം

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ**

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ മ്യൂസിയം പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് സംരക്ഷണ പ്രവർത്തനങ്ങളായി നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് കോട്ട, ചന്ദ്രഗിരികോട്ട എന്നിവിടങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പൗവ്വൽ കോട്ട സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചു കഴിഞ്ഞു. |
| (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം കൊട്ടാരവും പീലിക്കോട് പഞ്ചായത്തിലെ പുരാവസ്തുക്കളും ഈ വർഷം തന്നെ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുമോ; വ്യക്തമാക്കാമോ? | (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം തെക്കേകോവിലകം വലിയമഠം ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. പീലിക്കോട് ഗുഹകൾ എന്നറിയപ്പെടുന്ന പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകത്തിന് അതിർത്തി നിർണ്ണയിക്കാനുള്ള നടപടികളും നടന്നുവരുന്നുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് സമഗ്ര സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**